**പതിനാലാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2469** **08-05-2017 ൽ മറുപടിക്ക്**

**നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിലെ സർക്കാർ ഭൂമി കയ്യേറ്റം**

| ചോദ്യം | | മറുപടി | |
|---|---|---|---|
| | ശ്രീ.കെ.ആൻസലൻ | | ശ്രീ. ഇ. ചന്ദ്രശേഖരൻ (റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) | നെയ്യാറ്റിൻകര നിയോജകമണ്ഡല ത്തിലെ കുളത്തൂർ പഞ്ചായത്തിലെ മാവിളകടവ് മുതൽ പൊഴിയൂർ വരെ ഉളള പ്രദേശത്തു പ്രവർത്തിക്കുന്ന റിസോർട്ടുകൾ സർക്കാർ ഭൂമി വ്യാപകമായി കയ്യേറിയതായി പറയപ്പെടുന്ന ആരോപണം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; ഇതുസംബന്ധിച്ച് എന്തെങ്കിലും അന്വേഷണം നടത്തിയിട്ടുണ്ടോ ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത് സംബന്ധിച്ച് നെയ്യാറ്റിൻകര അഡീഷണൽ തഹസീൽദാർ മുഖേന അന്വേഷണം നടത്തിയിട്ടുണ്ട്. |
| (ബി) | ഏതൊക്കെ റിസോർട്ടുകളാണ് റവന്യൂ ഭൂമി കയ്യേറ്റം നടത്തിയിട്ടുള്ളത് ; | (ബി) | ഐസോളാ -ഡി കോക്കോ, ഭാസുരം റിസോർട്ട്, എസ്തുരി റിസോർട്ട് എന്നീ റിസോർട്ടുകൾ റവന്യൂ ഭൂമി കൈയ്യേറിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (സി) | പ്രസ്തുത ഭൂമി കൈയേറ്റത്തെക്കുറിച്ച് നെയ്യാറ്റിൻകര താലൂക്ക് അധികാരികൾ, കളക്ടർക്ക് റിപ്പോർട്ടു നൽകിയിട്ടുണ്ടോ; | (സി) | റിപ്പോർട്ട് നൽകിയിട്ടുണ്ട്. |
| (ഡി) | ഈ ഭൂമി കൈയേറ്റവുമായി ബന്ധപ്പെട്ട് റീസർവ്വേ നടത്തി, ഭൂമി തിരിച്ചു പിടിക്കാൻ നടപടി സ്വീകരിക്കുമോ; നടപടി സ്വീകരിക്കാൻ ആരെയാണ് ചുമതലപ്പെട്ടു ത്തുന്നതെന്ന് വെളിപ്പെടുത്തുമോ? | (ഡി) | പ്രസ്തുത കൈയേറ്റവുമായി ബന്ധപ്പെട്ട് നെയ്യാറ്റിൻകര താലൂക്കാഫീസിലെ സർവ്വെയർ മുഖേന സർവ്വെ നടപടികൾ നടത്തി സർക്കാർ ഭൂമി അളന്ന് കൈയ്യേറ്റം തിട്ടപ്പെടുത്തുകയും, കൈയ്യേറ്റം വ്യക്തമാക്കുന്ന സ്കെച്ച് തയ്യാറാക്കുകയും ചെയ്തിട്ടുള്ളതാണ്. പ്രസ്തുത സ്കെച്ചിന്റെ പകർപ്പ് സഹിതം കുളത്തൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് കൈയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിന് കത്ത് നൽകിയിട്ടുള്ളതാണ്. |

**സെക്ഷൻ ഓഫീസർ**